**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **01-09-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ; | (എ) | പഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുന്നതിന് തടസ്സമില്ല. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള മാർഗ്ഗരേഖ 19.04.2022 ന് സ.ഉ.(കൈ) നമ്പർ 84/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത ഉത്തരവിൽ കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ, എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റ പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാവുന്ന പ്രോജക്ടിലേക്ക് ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണ്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പെയിൻ & പാലിയേറ്റീവിന് വേണ്ടിയുള്ള വാഹനങ്ങളുടെ തുടർപരിപാലനത്തിനും മറ്റുമായി പഞ്ചായത്ത് ഫണ്ടുകൾ വകയിരുത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റിവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് /പ്ലാൻ ഫണ്ട് വകയിരുത്തി നിർവഹിക്കുന്നതിന് 03.06.2021 തീയതിയിലെ 1089/2021/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ